**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2869** **03-08-2021 - ൽ മറുപടിയ്ക്ക്**

**മുളിയാർ എൻഡോസൾഫാൻ പുനരധിവാസ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ മുളിയാർ പഞ്ചായത്തിലെ എൻഡോസൾഫാൻ പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; | (എ) | എൻഡോസൾഫാൻ ദുരിത ബാധിതരുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച മുളിയാർ റീഹാബിലിറ്റേഷൻ വില്ലേജിന്റെ ആദ്യഘട്ട പ്രവർത്തനം തുടങ്ങുന്നതിനായി കാസർഗോഡ് ഡവലപ്മെന്റ് പാക്കേജിൽ നിന്ന് 5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2020 മാർച്ച് 4ന് ഇതിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചിട്ടുള്ളതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി നിർമ്മാണ കരാറിൽ ഏർപ്പെട്ട് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത് പൂർണ്ണതോതിൽ യാഥാർത്ഥ്യമാക്കാൻ എത്ര തുക വേണ്ടിവരും; വിശദമാക്കാമോ; | (ബി) | മുളിയാർ റീഹാബിലിറ്റേഷൻ വില്ലേജ് പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കുവാൻ കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി 58.75 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്. പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന പദ്ധതിയ്ക്കായി നടപ്പ സാമ്പത്തിക വർഷം 2235-60-200-83(പി) എന്ന ശീർഷകത്തിൽ 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ "എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം സ്ഥാപിക്കൽ" ഒരു കംപോണന്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ തുക കണ്ടെത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ | (സി) | മുളിയാർ റീഹാബിലിറ്റേഷൻ വില്ലേജ് പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കുവാൻ |

| | | | |
|---|---|---|---|
| | അറിയിക്കാമോ? | | കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി 58.75 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്. പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന പദ്ധതിയ്ക്കായി നടപ്പ സാമ്പത്തിക വർഷം 2235-60-200-83(പി) എന്ന ശീർഷകത്തിൽ 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ "എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം സ്ഥാപിക്കൽ" ഒരു കംപോണന്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ